## പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.873 | 01.03.2017 ന് മറുപടിയ്ക്ക്.

### വന്യജീവികളാൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗങ്ങൾ വനാതിർത്തിയോട് ചേർന്നുള്ള കൃഷിയിടങ്ങളിൽ കടന്നു വർദ്ധിച്ച തോതിൽ കൃഷിയിടങ്ങൾ നശിപ്പിച്ച് കർഷകർക്ക് വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതായ സംഗതി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന മേഖലയിലുള്ള മിക്ക ജില്ലകളിലും കൃഷിയിടങ്ങളിൽ വന്യമൃഗങ്ങൾ നാശം വിതയ്ക്കുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് ഇപ്രകാരം കൃഷിനാശം സംഭവിച്ച കേസുകൾ ആകെ എത്രയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള കൃഷിനാശം സംഭവിച്ച കേസുകൾ താഴെ പറയും പ്രകാരമാണ്. |

| ക്രമ നം. | വർഷം | റിപ്പോർട്ട് ചെയ്ത കേസുകൾ (എണ്ണം) |
|---|---|---|
| 1 | 2009-10 | 2846 |
| 2 | 2010-11 | 3447 |
| 3 | 2011-12 | 6426 |
| 4 | 2012-13 | 6355 |
| 5 | 2013-14 | 7416 |
| 6 | 2014-15 | 8200 |
| 7 | 2015-16 | 6010 |

| | |
|---|---|
| (സി) വരൾച്ചയുടെ കാഠിന്യം വർദ്ധിക്കുന്നതു മൂലമുള്ള കാർഷിക മേഖലയുടെ പ്രതിസന്ധി-കൾക്കിടയിൽ ഇപ്രകാരമുള്ള കൃഷി നാശങ്ങൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുമോ? | (സി) വന്യമൃഗ ശല്യത്തിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് അനുവദനീയമായ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. 08.01.2015 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.02/2015/വനം പ്രകാരമാണ് നഷ്ടപരിഹാരം കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ.